# അക്കാദമിക് മാസ്റ്റർ പ്ലാൻ നിർവഹണ പദ്ധതി

## 2025-2026

## വില്ല്യാപ്പള്ളി എം . എൽ . പി സ്കൂൾ

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിൻ്െ ലഘു ചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

5. പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

6. നിലവിലെ അവസ്ഥ വിശകലനം

7. പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം പ്രവർത്തന ഘട്ടങ്ങൾ ചുമതല

8. പ്രതീക്ഷിത നേട്ടങ്ങൾ

9. മോണിട്ടറിംഗ്

10. ഉപസംഹാരം

# ആമുഖം

ഒരു നൂറ്റാിലേറെ പഴക്കമുള്ളതും വില്ല്യാപ്പള്ളി-ചെമ്മരത്തൂർ പ്രദേശത്തെ ആയിരക്കണക്കിനാളുകൾക്ക് വിദ്യയുടെ വെളിച്ചം പകർന്നു നൽകിയതുമായ മഹത്തായ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനമാണ് വില്ല്യാപ്പള്ളി എം.എൽ.പി.സ്കൂൾ. കച്ചവട വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉദയത്തോടൊപ്പം വളർന്നു വന്ന ഇംഗ്ലീഷ് മീഡിയത്തോടുള്ള അഭിനിവേശം വരെ നൂറിൽ ഏറെ കുട്ടികൾ പഠനം നടത്തിയിരുന്ന ഇവിടെ നിലവിൽ 54 കുട്ടികളാണുള്ളത്. ഒരു അറബിക് അധ്യാപകനുൾപ്പെടെ 5 പേർ വർക്ക് ചെയ്യുന്നുണ്ട്. സ്റ്റീൽ മേൽക്കൂരയ്ക്ക് മേൽ ഓട് വെച്ച നീളൻ കെട്ടിടത്തിലാണ് 4 ക്ലാസ് റൂമുകളും ഒരു ഓഫീസ് റൂമും പ്രവർത്തിക്കുന്നത്. ചുറ്റും ചുവരും ഗ്രിൽസുമുങ്കിലും ക്ലാസ്സുകൾ തട്ടിവെച്ച് മറച്ചതാണ്. ഓഫീസ് റൂമും സ്റ്റോർ റൂമും ഒന്നായിട്ടുള്ളതാണ്. പ്രധാന കെട്ടിടത്തിന്റെ തെക്ക് ഭാഗത്തായി ചരിച്ച് കെട്ടി ഷീറ്റടിച്ച പാചകപ്പുരയും പ്രവർത്തിക്കുന്നു. അക്കാദമിക മാസ്റ്റർ പ്ലാനിനനുസരിച്ച് ഭൗതിക സാഹചര്യങ്ങളിലും മാറ്റമുണ്ടാകേണ്ടതുണ്ട്. കുട്ടികളെ സ്കൂളിലെത്തിക്കാൻ അധ്യാപകർ ഏർപ്പാട് ചെയ്ത ഒരു ജീപ്പ് സർവ്വീസ് നടത്തുന്നുണ്ട്.

എല്ലാ നിലവാരത്തിലും കുട്ടികളെ ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്താറുണ്ട്. വിവിധ മേളകളിൽ കുട്ടികൾ പങ്കെടുത്ത് മികച്ച വിജയം കൈവരിക്കാറുണ്ട്. മിക്ക വർഷങ്ങളിലും കുട്ടികൾ എൽ.എസ്.എസ്. നേടാറുണ്ട്. 2016-17 അധ്യയനവർഷം വില്ല്യാപ്പള്ളി പഞ്ചായത്തിൽ ഏറ്റവും കൂടുതൽ എൽ.എസ്.എസ്. ലഭിച്ചത് ഈ വിദ്യാലയത്തിലാണ്. ദേവനന്ദ പി.കെ., ക്രിസ്താര ആർ. ഷാജി, ശ്രീഹരി എസ്. എന്നിവരാണ് എൽ.എസ്.എസ്. നേടിയത്.

## പരിമിതികൾ

അത്യാധുനിക മികവിലുള്ള ഭൗതിക സാഹചര്യങ്ങളുടെ അഭാവം, കമ്പ്യൂട്ടർ പഠനത്തിനുള്ള സാഹചര്യക്കുറവ്, ലൈബ്രറി-ലാബ് സൗകര്യമില്ലായ്മ, ഇംഗ്ലീഷ് പഠന നിലവാരം ഉയർത്തിയെടുക്കേണ്ടത്, പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ പൊതുനിലവാരത്തിലെത്തിക്കുന്നതിലെ ശാസ്ത്രീയ സമീപനത്തിന്റെ അഭാവം, പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ അഭാവം തുടങ്ങിയ ധാരാളം ന്യൂനതകൾ മുന്നോട്ടുള്ള പ്രയാണത്തിനിടയിൽ സ്കൂളിന് മാറ്റിയെടുക്കേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3. എൽ.കെ.ജി. മുതൽ 4 ാം ക്ലാസ് വരെ ഓരോ ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസ്യൂതമായി നേടേ ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറുകൾ രൂപപ്പെടുത്തൽ.

# വിദ്യാലയചരിത്രം

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ വില്ല്യാപ്പള്ളി ടൗണിൽ നിന്നും 2.5 കി.മി. അകലെ വില്ല്യാപ്പള്ളി -ചെമ്മരത്തൂർ റോഡിൽ ഏകദേശം 200 കി.മി. കിഴക്കുമാറി വില്ല്യാപ്പള്ളി എം.എൽ.പി.സ്കൂൾ സ്ഥിതി ചെയ്യുന്നു.

പൊതുവിദ്യാഭ്യാസത്തിന് ഒട്ടുംതന്നെ പ്രാധാന്യമില്ലാതിരുന്ന കാലത്ത് അമ്മത് മുസ്ല്യാർ സ്വന്തം വീട്ടിൽ നാലഞ്ച് കുട്ടികൾക്ക് മതവിദ്യാഭ്യാസം നടത്തിയിരുന്നു. കുട്ടികൾ വർദ്ധിച്ചു വന്നപ്പോൾ വീടിനുതൊട്ടടുത്ത പറമ്പിൽ കൽച്ചുമരുള്ളതും ഓല മേഞ്ഞതുമായ കെട്ടിടത്തിലേക്ക് പഠനം മാറ്റി. രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയായിരുന്നു പഠനസമയം.

ഓത്തുപുര നടത്തുന്ന വിവരം അറിയാൻ ഇടയായ അന്നത്തെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഇൻസ്പെക്ടർ ഇവിടെ സന്ദർശിക്കുകയും പ്രദേശത്തിന്റെ പ്രത്യേകതയും പൊതുവിദ്യാഭ്യാസത്തിന്റെ പോരായ്മയും മനസ്സിലാക്കിയ അദ്ദേഹം അമ്മത് മുസ്ല്യാർ നടത്തിയ ഓത്തുപുര സ്കൂളാക്കി മാറ്റുന്നതിനുള്ള ശുപാർശ നടത്തി. അങ്ങനെ 1914 ൽ ഈ സ്ഥാപനം വില്ല്യാപ്പള്ളി മാപ്പിള എയിഡഡ് എലിമെന്ററി സ്കൂൾ എന്ന പേരിൽ അഞ്ചാം തരം വരെയുള്ള വിദ്യാലയമായിത്തീർന്നു. ഇത് വില്ല്യാപ്പള്ളി അംശത്തിലെ ആദ്യത്തെ മുസ്ലിം വിദ്യാലയമായിരുന്നു. 1961 ൽ മുതൽ ഹിന്ദു കുട്ടി കളെ ചേർത്തുതുടങ്ങി.

കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം എയിഡഡ് എലിമെന്ററി സ്കൂളുകളുടെ പേരിൽ ചില മാറ്റങ്ങൾ വരുത്തിയതിന്റെ അടിസ്ഥാനത്തിൽ 1963 ൽ അഞ്ചാംതരം എടുത്തുമാറ്റപ്പെട്ടു. ഒന്നാം തരം ഡിവിഷനാക്കി. 1979 ൽ സ്കൂൾ കെട്ടിടം 20X18 ൽ നാലു ക്ലാസ്സുകൾ നടത്താൻ പറ്റിയവിധം തറ കോൺക്രീറ്റ് ചെയ്തും ഓടു വെച്ചും പുതുക്കിപണിതു. 2008 വരെ മുസ്ലിം കലണ്ടർ പ്രകാരം പ്രവർത്തിച്ച സ്കൂൾ ആ വർഷം മുതൽ പി.ടി..എ. തീരുമാന പ്രകാരം ജനറൽ കലണ്ടറിലേക്ക് മാറ്റപ്പെട്ടു.

## മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

1. മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോഫ്രയറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
2. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
4. പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേകപരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
5. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഉറപ്പാക്കൽ.
6. പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന ബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

# പ്രശ്ന വിശകലനം - ഫോർമാറ്റ് 1
## മേഖല - അക്കാദമികം, വിഷയം- മലയാളം

### പ്രശ്നങ്ങൾ
1. സ്വതന്ത്ര രചനയ്ക്ക് പ്രയാസം നേരിടുന്നു.
2. ഒരു സാഹിത്യസൃഷ്ടി വായിച്ച് മനസ്സിലാക്കി സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ കഴിയുന്നില്ല.
3. അറിവിന്റെ പൊതുകേന്ദ്രങ്ങളായ ലൈബ്രറികൾ, വായനശാലകൾ, സാംസ്കാരിക കേന്ദ്രങ്ങൾ എന്നിവയെ കുട്ടികളുടെ പഠനവുമായി ബന്ധിപ്പിക്കാൻ കഴിയുന്നില്ല.
4. പാഠാസൂത്രണത്തിലെ വീഴ്ചകൾ

### കാരണങ്ങൾ - കുട്ടി
1. വായനയുടെ കുറവ്
2. താല്പര്യമില്ലായ്മ
3. ചിഹ്നബോധമില്ലായ്മ
4. വാക്യഘടനയെകുറിച്ച് ബോധമില്ല.

### രക്ഷിതാവ്
1. കുട്ടിക്കനുയോജ്യമായ പഠനപിന്തുണയും പഠനാന്തരീക്ഷവും നൽകുന്നില്ല.
2. പി.ടി.എ. യോഗത്തിൽ കൃത്യമായി പങ്കെടുക്കുന്നില്ല.
3. രക്ഷിതാവിന്റെ അവബോധക്കുറവ്

### അധ്യാപകർ
1. നിരന്തര വിലയിരുത്തൽ നടത്തി കുട്ടികൾക്ക് പ്രയാസമുള്ള മേഖലകൾ കണ്ടെത്തി ശരിയായ പരിഹാരബോധനം നടത്താൻ കഴിയുന്നില്ല.
2. പഠനവിഭവങ്ങളുടെ ലഭ്യതക്കുറവ്
3. സൂക്ഷ്മതല ആസൂത്രണത്തിലെ അപാകത
4. സമയക്കുറവ്

### പരിഹാരബോധനം
1. സൂക്ഷ്മതല ആസൂത്രണം മെച്ചപ്പെടുത്തണം
2. കൂടുതൽ പഠനവിഭവങ്ങൾ, വർക്ക് ഷീറ്റ് ലഭ്യമാക്കുക.
3. കുട്ടിയുടെ വായനയെ പരിപോഷിപ്പിക്കുന്ന വായനാ തന്ത്രങ്ങൾ ആവിഷ്കരിക്കുക.
4. പിയർഗ്രൂപ്പ് സഹായം തേടുക.
5. രക്ഷിതാക്കളെ വായനയുടെ പ്രാധാന്യവും പ്രക്രിയയും ബോധ്യപ്പെടുത്തുക.

# അക്കാദമിക് മാസ്റ്റർ പ്ലാൻ  നിർവഹണ പദ്ധതി

സ്കൂളിന്റെ പേര് : വില്യാപ്പള്ളി എംഎൽപി സ്കൂൾ
മേഖല : വായന, ലേഖനം ,സർഗ്ഗാത്മകത
പദ്ധതിയുടെ പേര്: മധുരം മലയാളം

## അവസ്ഥാ വിശകലനം

2 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികളിൽ ഭാഷയിലെ എല്ലാ ശേഷികളും പ്രതീക്ഷിക്കുന്ന നിലവാരത്തിൽ എത്തിക്കാൻ കഴിയുന്നില്ല.

## പ്രതീക്ഷിത നേട്ടങ്ങൾ

- മുഴുവൻ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക
- മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരാക്കുക
- സ്വതന്ത്ര എഴുത്ത്കാരാക്കുക

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | | Dec | Jan | Feb | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ മലയാളത്തിളക്കം<br><br>അക്ഷരമധുരം | പ്രീ ടെസ്റ്റ്<br>SRG ചേരൽ<br>അക്ഷര കാർഡ് നിർമാണം<br>വാക്കുകൾ നിർമിക്കൽ<br>വാക്യങ്ങൾ നിർമിക്കൽ<br>ഐ.സി.ടി .ഉപകരണങ്ങൾ സജ്ജീകരിക്കൽ<br>താൽപര്യമുണ്ടാകുന്ന വീഡിയോ സംഘടിപ്പിക്കുന്നു.<br>മാസികകൾ,പഠനോപകരണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു<br>രക്ഷിതാക്കളുടെ പ്രത്യേക യോഗം<br>ചിത്രം-കഥപറയൽ<br>ചിത്രം-കഥ എഴുതൽ<br>കഥ-ബാക്കി എഴുതൽ<br>കുട്ടികളുടെ നിലവാരത്തിനനുസരിച്ച് കഥാപുസ്തകം നൽകൽ<br>വായനക്കുറിപ്പ് തയ്യാറാക്കൽ<br>വായനക്കുറിപ്പ് അസംബ്ലിയിൽ അവതരിപ്പിക്കൽ<br>മോണിറ്ററിംഗ് ഹെഡ് ടീച്ചർ | | | | | ക്ലാസ് ടീച്ചർ<br><br>ക്ലാസ് അധ്യാപകർ | |

# പ്രശ്ന വിശകലനം - ഫോർമാറ്റ് 1

## മേഖല - അക്കാദമികം, വിഷയം-ഗണിതശാസ്ത്രം

ശാസ്ത്രമേഖലയിൽ സുപ്രധാന മേഖലയാണ്. ഗണിതശാസ്ത്രം. ഗണിതം മനോഹര മായ ഒരു പഠനപ്രക്രിയയാണ്. ക്രമമായി അടുക്കിയാൽ മാത്രമേ ഗണിതപഠനം രസക രമാക്കാൻ കഴിയുകയുള്ളൂ. ഗണിതപഠനത്തിൽ ചില പ്രയാസങ്ങളും പരമിതികളും ഗണിതാധ്യാപകരും കുട്ടികളും നേരിടുന്നുണ്ട്. ഗണിതപഠനത്തിൽ താല്പര്യം ഉണ്ടാ ക്കിയെടുക്കുക എന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. എങ്കിൽ മാത്രമേ ഒരു പരിധി വരെ ഗണിതപഠനം സുഖകരമാക്കാൻ കഴിയുകയുള്ളൂ.

### കണ്ടെത്തിയ പരിമിതികൾ

1. 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേ ശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
2. ഐ.ടി.സി. അധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പ്രവർത്തനങ്ങൾ നടപ്പാക്കു ന്നതിലുള്ള പരിമിതികൾ.
3. പാഠാസൂത്രണം നടത്തുന്നതിലുള്ള വീഴ്ചകൾ.
4. ലൈബ്രറി ഫലപ്രദമാണെങ്കിലും സമയപരിധി.
5. രക്ഷിതാക്കൾക്ക് മാർക്ക് മതി എന്ന കാഴ്ചപ്പാട്.
6. നിലവിലുള്ള മൂല്യനിർണ്ണയ ചോദ്യപ്പേപ്പറുകൾ.

### കാരണം കുട്ടികളിൽ

1. ഗണിതം പ്രയാസം എന്ന മുദ്രാവാക്യം.
2. അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ്.
3. പഠനമാധ്യമത്തിലെ പ്രശ്നങ്ങൾ (ഇംഗ്ലീഷ്)
4. പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയാത്തത്.
5. തുർച്ചയായ അസുഖങ്ങൾ

### അധ്യാപകരിൽ

1. എല്ലാ കുട്ടികളെയും പരിഗണിക്കുന്ന തരത്തിലുള്ള ക്ലാസ് റൂം കൈകാര്യം ചെയ്യു ന്നത്.
2. ഭിന്നനിലവാരക്കാരായ കുട്ടികൾ ഉള്ള ക്ലാസുകളിലെ അധ്യാപനം.
3. വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിഞ്ഞില്ല.
4. ആശയങ്ങൾ ഉറപ്പിക്കാതെ അടുത്തതിലേക്ക് പോകുന്നത്.
5. സ്കീം ഓഫ് വർക്കിന്റെ ചട്ടക്കൂട്.

### രക്ഷിതാക്കൾ

1. എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പുവരുത്തുന്നില്ല.
2. രക്ഷിതാക്കൾ സ്കൂളുമായി ബന്ധപ്പെടുന്നില്ല.
3. ലീവെടുക്കൽ-അത്യാവശ്യങ്ങളല്ലാത്ത കാരണങ്ങളാൽ കുട്ടികൾ ലീവെടുക്കൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ നിർവഹണ പദ്ധതി

സ്കൂളിന്റെ പേര് : വില്യാപ്പള്ളി എംഎൽപി സ്കൂൾ

മേഖല : ഗണിത ലാബ്

പദ്ധതിയുടെ പേര്: ഗണിതാസ്വാദനം

## അവസ്ഥാ വിശകലനം

ഗണിത പഠനവുമായി ബന്ധപ്പെട്ട പഠന നേട്ടങ്ങളുടെ പ്രയോഗം ശരിയായ രീതിയിൽ നടപ്പാക്കാൻ കഴിയുന്നില്ല പഠനോപകരണങ്ങളുടെ സാധ്യത,കൃത്യതതുടങ്ങിയവ ബോധ്യപ്പെടുത്തുന്നതിന് ഗണിത ലാബ് ഇല്ല.

## പ്രതീക്ഷിത നേട്ടങ്ങൾ

- ഗണിതോപകരണങ്ങൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നു.
- 1 മുതൽ 4 വരെ ക്ലാസുകളിൽ ഗണിതം ആസ്വാദകരമാക്കി മാറ്റുന്നു.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | Nov | Dec | Jan | Feb | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1. | ലിസ്റ്റ് തയ്യാറാക്കൽ | SRG യോഗം ഗണിതലാബിനെ ക്കുറിച്ച് ചർച്ച | | | | | | |
| | അക്ഷരമധുരം | പഠനോപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ | | | | | | |
| | | SRG യോഗം പദ്ധതി അംഗീകരിച്ച് ചുമതല നൽകൽ | | | | | | |
| | നിർമ്മാണ വസ്തുക്കളുടെ ശേഖരണം | ഗണിത ലാബിലേക്കാവശ്യമായ കുട്ടികൾ നിർമിച്ച വസ്തുക്കൾ ശേഖരിക്കൽ | | | | | | |
| | പഠനോപകരണങ്ങളുടെ ശേഖരണം | ഓരോ ക്ലാസിനു വേണ്ട പഠനേപകരണങ്ങൾ ശേഖരിക്കൽ | | | | | | |
| | ക്ലാസ് പി.ടി.എ | ഓരോ ക്ലാസിനും വേണ്ട പഠനോപകരണങ്ങളുടെ പേരും ആവശ്യകതയും ചർച്ച | | | | | | |
| | ശില്പശാല | പഠനോപകരണങ്ങളുടെ ശില്പശാല | | | | | | |
| | | സാമ്പത്തികം (പി.ടി.എ) മോണിറ്ററിംഗ്- | | | | | | |

# പ്രശ്ന വിശകലനം - ഫോർമാറ്റ് 1

## മേഖല - അക്കാദമികം, വിഷയം-പരിസരപഠനം

### പ്രശ്നങ്ങൾ

1. പ്രശ്നം വിശകലനം ചെയ്ത് ലഭ്യമായ വിഭവങ്ങളുപയോഗിച്ച് നിഗമനത്തിലെത്തിക്കാനുള്ള കഴിവില്ലായ്മ.
2. പരീക്ഷണങ്ങൾക്കാവശ്യമായ ശാസ്ത്രലാബിന്റെ അഭാവം
3. പഠനവിഭവങ്ങളുടെ ലഭ്യതക്കുറവ്.

### കാരണങ്ങൾ - കുട്ടി

1. പരീക്ഷണ-നിരീക്ഷണങ്ങളിലുള്ള താല്പര്യക്കുറവ്
2. പ്രകൃതി സംരക്ഷണത്തെകുറിച്ചുള്ള ധാരണക്കുറവ്.

### രക്ഷിതാവ്

1. കുട്ടിക്കനുയോജ്യമായ പഠനപിന്തുണയും പഠനാന്തരീക്ഷവും ലഭിക്കുന്നില്ല.
2. രക്ഷിതാവിന്റെ ശാസ്ത്രാവബോധക്കുറവ്

### അധ്യാപകർ

1. പഠനപ്രവർത്തനങ്ങളുടെ ആസൂത്രണത്തിലെ അപാകത.
2. നിരന്തര വിലയിരുത്തൽ കാര്യക്ഷമമായി നടക്കുന്നില്ല.

### പരിഹാരബോധനം

1. സ്കൂളിലെ മുഴുവൻ കുട്ടികളെയും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുക.
2. ശാസ്ത്രത്തിന്റെ രീതി ബോധ്യമാക്കി കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുക.
3. ശാസ്ത്രലാബ് മെച്ചപ്പെടുത്തുക.
4. പഠനയാത്രകൾ സംഘടിപ്പിക്കുക.
5. നാട്ടിലുള്ള പരിസ്ഥിതി, ജലമലിനീകരണ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുക.
6. ചുറ്റുപാടുമുള്ള ചരിത്ര പ്രാധാന്യമുള്ള പ്രദേശങ്ങൾ സന്ദർശിക്കുക.
7. കൗതുകം, വിജ്ഞാനം, നിരീക്ഷണം എന്നിവയെ ശാസ്ത്രീയമായി പരിപോഷിപ്പിക്കുക.

**സ്കൂളിന്റെ പേര് : വില്യാപ്പള്ളി എം.എൽ.പി സ്കൂൾ**
**വിഷയം : ശാസ്ത്രം**
**:മേഖല :പരീക്ഷണം,ഭൂപടവായന,ഫീൽഡ് ട്രിപ്പ്**
**പദ്ധതിയുടെ പേര :ശാസ്ത്രലോകം**

## അവസ്ഥാ വിശകലനം

ശാസ്ത്രാഭിരുചിക്കുറവ്.നൂതനമായ ശാസ്ത്രവിവരങ്ങൾ സംബന്ധിച്ച ആനുകാലിക പ്രസിദ്ധീകരണങ്ങളും മറ്റും മത്സരബുദ്ധിയോടെ ഉപയോഗിക്കപ്പെടുന്നില്ല.ശാസ്ത്രകുറിപ്പുകൾ തയ്യാറാക്കാൻ സാധിക്കുന്നില്ല.ഭൂപടവായനയ്ക്ക് പ്രയാസം .പ്രവർത്തനാധിഷ്ഠിതമായ ക്ലാസ് മുറിക്ക് സമയക്കുറവ് തടസ്സമാവുന്നു.

## പ്രതീക്ഷിത നേട്ടങ്ങൾ

ശാസ്ത്രാഭിരുചി വർധിപ്പിക്കൽ,നിരീക്ഷണശേഷി വർധിപ്പിക്കുന്നതിന്,പരീക്ഷണത്തിലേർപ്പെടുന്നതിന്,ഭൂപടവായനക്കുള്ള കഴിവ് നേടുന്നതിന്,പരീക്ഷണക്കുറിപ്പ തയ്യാറാക്കുന്നതിന്,കൗതുകം,വിജ്ഞാനം ,നിരീക്ഷണം എന്നിവയെ ശാസ്ത്രീയമായി പരിപോഷിപിപക്കുന്നതിന്.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലയളവ് | | | | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|---|
| 1. | ശാസ്ത്ര ക്ലബ് രൂപീകരണം | സ്കൂളിലെ മുഴുവൻ കുട്ടികളുടെയും ശാസ്ത്രാഭിരുചി മനസ്സിലാക്കി ശാസ്ത്രത്തിൽ താൽപ്പര്യമുള്ളവരെ ഉൾപ്പെടുത്തി ശാസ്ത്ര ക്ലബ്ബ് രൂപീകരണം ക്ലബ്ബിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ചർച്ച ചെയ്യൽ ഓരോ മാസത്തെയും ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്ലബ് യോഗങ്ങളിൽ ചർച്ച ചെയ്തുകൊണ്ട് ശാസ്ത്ര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. | | | | | കൺവീനർ ശാസ്ത്ര അധ്യാപിക | |
| 2. | ശാസ്ത്ര അസംബ്ലി | സ്കൂൾ അസംബ്ലിയിൽ ശാസ്ത്രവാർത്തകളും പരീക്ഷണങ്ങളും ഉൾപ്പെടുന്നു.ആഴ്ചയിൽ ഒരു ലഘുപരീക്ഷണം കണ്ടെത്തി അവതരിപ്പിക്കുന്നു.എല്ലാ കുട്ടികളും നിശ്ചിത ഫോർമാറ്റിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | | | | | ശാസ്ത്ര ക്ലബ് | |

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലയളവ് | | | | | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|---|---|
| | | | Nov | Dec | Jan | Feb | Mar | | |
| 3 | ശാസ്ത്രകൗതുകം | ശാസ്ത്ര പ്രദർശനബോർഡ് പ്രദർശിപ്പിക്കുന്നു. ഓരോ ആഴ്ചയിലും ആദ്യ ദിവസം 10 ശാസ്ത്ര ചോദ്യങ്ങൾ പ്രദർശിപ്പിക്കുന്നു കുട്ടികൾ ഉത്തരം കണ്ടെത്തുന്നു മാസാവസാനം ശാസ്ത്ര ക്വിസ് നടത്തി വിജയിയെ കണ്ടെത്തുന്നു ശാസ്ത്ര വാർത്തകളും മറ്റു വിവരങ്ങളും ശേഖരിച്ച് പ്രദർശന ബോർഡിൽ പ്രദർശിപ്പിച്ചുകൊണ്ട് കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുന്നു. ശാസ്ത്ര പരീക്ഷണങ്ങളിൽ വൈദഗ്ദ്ധ്യമുള്ള അദ്ധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ദിവസത്തെ ശാസ്ത്ര പരീക്ഷണ ശിൽപശാല സംഘടിപ്പിക്കുന്നു | | | | | | ശാസ്ത്ര അധ്യാപിക ക്ലബ് | |
| 4. | ഭൂപട വായന | ജില്ലകളുടെ പേരെഴുതിയ സ്ലിപ്പുകൾ കുട്ടികൾക്ക് നൽകുന്നു.അവർക്ക് കിട്ടിയ ജില്ല മാപ്പിൽ അടയാളപ്പെടുത്തുന്നു.4 വീതം കുട്ടികൾ അടങ്ങിയ ഗ്രൂപ്പ് ആകുന്നു.ഓരോരുത്തരും അവരവർക്ക് കിട്ടിയ ജില്ലയെ ഗ്രൂപ്പ് അംഗങ്ങൾക്ക് പരിചയപ്പെടുത്തുന്നു.<br>ജിക്സോ ഉപയോഗിച്ച് ജില്ലകളെ കൂട്ടിയിണക്കുന്ന മത്സരം നടത്താം. ഓരോ ആഴ്ചയിലും എത്ര ജില്ലകൾ പരിചയപ്പെട്ടോ അത്രയും പോയിന്റ് കുട്ടിക്ക് നൽകാം.ജില്ലകൾ പരിചയപ്പെട്ടു കഴിഞ്ഞാൽ ഈ രീതിയിൽ സംസ്ഥാനങ്ങളും മനസ്സിലാക്കാം | | | | | | ശാസ്ത്ര അധ്യാപിക | |
| 5. | ഫീൽഡ് ട്രിപ്പ്. | ശാസ്ത്ര പ്രദർശനം,മെഡിക്കൽ പ്രദർശനം തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ സംഘടിപ്പിക്കുന്നു | | | | | | സയൻസ് ക്ലബ് പി.ടി.എ | |
| 5. | ഔഷധ സസ്യങ്ങൾ -ജീവാമൃതം പുസ്തക പ്രസിദ്ധീകരണം | കേരളപ്പിറവി ദിനത്തിൽ ഔഷധ സസ്യങ്ങൾ നട്ടു പിടിപ്പിക്കുന്നു.കുട്ടികൾക്കും അമ്മമാർക്കും വിവരശേഖരണത്തിനായി ഓരോ ഔഷധ സസ്യത്തെ നൽകുന്നു.കുട്ടികൾ ശേഖരിച്ച വിവരങ്ങൾ കുട്ടികളും അധ്യാപകരും ചേർന്ന് പത്തംഗ എഡിറ്റോറിയൽ ബോർഡ് വേണ്ട മെച്ചപ്പെടുത്തലുകൾ നടത്തുന്നു.'ജീവാമൃതം' എന്ന പേരിൽ പുസ്തക രൂപത്തിലാക്കുന്നു. | | | | | | കുട്ടികൾ പി.ടി.എ അധ്യാപകർ | |

# പ്രശ്ന വിശകലനം - ഫോർമാറ്റ് 1

## മേഖല - അക്കാദമികം, വിഷയം- ഇംഗ്ലീഷ്

**പ്രശ്നങ്ങൾ**

1. കുട്ടിക്ക് സ്വന്തമായി സംസാരിക്കാനും തെറ്റുകൂടാതെ എഴുതുവാനും വായിക്കാനും കഴിയുന്നില്ല.
2. കുട്ടികൾക്ക് ഇംഗ്ലീഷിനോടുള്ള ഭയം
3. താല്പര്യമില്ലായ്മ
4. പാഠപുസ്തകത്തിനപ്പുറത്തേക്കുള്ള പഠനാന്തരീക്ഷം ഒരുക്കാൻ കഴിയുന്നില്ല.
5. പാഠാസൂത്രണത്തിലെ വീഴ്ചകൾ

**കാരണങ്ങൾ - കുട്ടി**

1. പദസമ്പത്തിന്റെ അഭാവം
2. താല്പര്യമില്ലായ്മ
3. വായനയുടെ കുറവ്
4. ഇംഗ്ലീഷിനോടുള്ള ഭയം

**രക്ഷിതാവ്**

1. രക്ഷിതാവിന്റെ അവബോധക്കുറവ്
2. കുട്ടിക്ക് അനുയോജ്യമായ പഠനാന്തരീക്ഷവും പഠനപിന്തുണയും ലഭ്യമാകാതിരിക്കുക.
3. പി.ടി.എ. യോഗങ്ങളിൽ രക്ഷിതാവ് കൃത്യമായി പങ്കെടുക്കുന്നില്ല.

**ടീച്ചർ**

1. ക്ലാസ്റൂം പഠനപ്രവർത്തനങ്ങൾക്കാവശ്യമായ പഠനവിഭവങ്ങളുടെ ലഭ്യതക്കുറവ്
2. സൂക്ഷ്മതല ആസൂത്രണത്തിലെ അപാകത
3. പിന്നോക്കക്കാരെ പ്രത്യേകം പരിഗണിക്കാൻ കഴിയുന്നില്ല.

**പരിഹാരബോധനം**

1. കുട്ടിയുടെ പദസമ്പത്ത് വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നൽകുക.
2. പുതിയ വായന തന്ത്രങ്ങൾ ആവിഷ്കരിച്ച് വായനയിലേക്ക് നയിക്കുക.
3. കുട്ടികളെക്കൊണ്ട് വായനാ സാമഗ്രികൾ ഉണ്ടാക്കിക്കുക.
4. സൂക്ഷ്മതല ആസൂത്രണം മെച്ചപ്പെടുത്തുക.
5. വർക്ക്ഷീറ്റുകൾ, വായനാ കാർഡുകൾ ലഭ്യമാക്കുക.
6. രക്ഷിതാക്കൾക്ക് പ്രത്യേക ക്ലാസ് നൽകുക.

സ്കൂളിന്റെ പേര് : വില്യാപ്പള്ളി എം.എൽ.പി സ്കൂൾ

വിഷയം : ഇംഗ്ലീഷ്

മേഖല :വായന,ലേഖനം,സർഗാത്മകത

## അവസ്ഥാ വിശകലനം

വ്യാകരണശുദ്ധിയോടു കൂടി ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാനും പ്രയോഗിക്കാനുമുള്ള ശേഷിക്കുറവ്.കേൾക്കാനും സംസാരിക്കാനുമുള്ള അവസരങ്ങളുടെ ലഭ്യതക്കുറവ്

## പ്രതീക്ഷിത നേട്ടങ്ങൾ

ഇംഗ്ലഷീഭാഷ ഔപചാരികതയില്ലാതെ സംസാരിക്കൽ-ഇംഗ്ലീഷ് ഭാഷയെ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് നേടൽ -കളികളിലൂടെ ഭാഷയിലെ നിർദേശങ്ങളും പ്രയോഗങ്ങളും മനസ്സിലാക്കാനുള്ള കഴിവ് നേടൽ-സർഗാത്മക ശേഷി വികസിപ്പിക്കുന്നതിന്-ആശയവിനിമയ ശേഷി വികസിപ്പിക്കുന്നതിന്-സ്വന്തം ആശയങ്ങൾ ലളിതമായി പ്രകടിപ്പിക്കുന്നതിന്

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലയളവ് | | | | | ചുമതല | |
|---|---|---|---|---|---|---|---|---|---|
| | | | Nov | Dec | Jan | Feb | Mar | | |
| 1. | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുക. command,diary reading, card ഇംഗ്ലീഷിൽ അവതരിപ്പിക്കുക | | | | | | Teacher | റിമാർക്സ് |
| 2 | ലൈബ്രറി പുസ്തകം | ഇംഗ്ലീഷ് പുസ്തകം വായിക്കുക വായനകുറിപ്പ് തയ്യാറാക്കുക | | | | | | Teacher | |
| 3 | ദിനാചരണങ്ങൾ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികളെ ഇംഗ്ലീഷുമായി ബന്ധപ്പെടുത്തുക | | | | | | Teachers | |
| 4 | ഡയറിയെഴുത്ത് | ഓരോ ദിവസവും വിദ്യാലയത്തിലും നടക്കുന്ന സംഭവങ്ങളെപ്പറ്റി ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | | | | | | Teacher | |
| 5 | ഇംഗ്ലീഷ് ഫെസ്റ്റ് | അക്കാദമിക വർഷാവസാനം ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുക | | | | | | Teachers, PTA, SRG | |

# പ്രശ്ന വിശകലനം - ഫോർമാറ്റ് 1
## മേഖല - അക്കാദമികം, വിഷയം- അറബിക്

**പ്രശ്നങ്ങൾ**

1. സ്വതന്ത്ര രചനയ്ക്ക് പ്രയാസം നേരിടുന്നു.
2. ഒരു സാഹിത്യസൃഷ്ടി വായിച്ച് മനസ്സിലാക്കി സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ കഴിയുന്നില്ല.
3. വായനയിലെയും എഴുത്തിലെയും പിന്നോക്കാവസ്ഥ

**കാരണങ്ങൾ - കുട്ടി**

1. വായനയുടെ കുറവ്
2. പദസമ്പത്തിന്റെ അഭാവം
3. താല്പര്യമില്ലായ്മ

**രക്ഷിതാവ്**

1. പഠനത്തിനനുയോജ്യമായ പിന്തുണയും പഠനാന്തരീക്ഷവും ലഭിക്കുന്നില്ല.
2. പി.ടി.എ. യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുന്നില്ല.
3. രക്ഷിതാവിന്റെ അവബോധക്കുറവ്

**ടീച്ചർ**

1. നിരന്തര വിലയിരുത്തൽ കാര്യക്ഷമമായി നടക്കുന്നില്ല.
2. പിന്നോക്ക വിദ്യാർത്ഥികൾക്ക് ലളിതവത്കരിച്ച് പ്രവർത്തനം കൊടുത്ത് ചെയ്യിക്കാനുള്ള സമയക്കുറവ്
3. പഠനവിഭവങ്ങളുടെ ലഭ്യതക്കുറവ്

**പരിഹാരബോധനം**

1. സൂക്ഷ്മതല ആസൂത്രണം മെച്ചപ്പെടുത്തണം
2. കൂടുതൽ പഠനവിഭവങ്ങൾ ലഭ്യമാക്കുക.
3. വായനയെ പരിപോഷിപ്പിക്കുക
4. പിന്നോക്ക വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകൽ

**പ്രവർത്തനങ്ങൾ**

1. പ്രീടെസ്റ്റ്
2. അറബിക് മധുരം
3. അറബിക് പുസ്തക ശേഖരം
4. നല്ല വായനക്കാരനാക്കുക
5. വായനാ കാർഡ് നിർമ്മാണം
6. ക്ലാസ് മാസിക
7. അറബിക് അസംബ്ലി

സ്കൂളിന്റെ പേര് : വില്യാപ്പള്ളി എംഎൽപി സ്കൂൾ
വിഷയം : അറബിക്
മേഖല :വായന,സർഗാത്മകത
പദ്ധതിയുടെ പേര് :അറബിക് മധുരം

## അവസ്ഥാ വിശകലനം

അക്ഷരങ്ങൾ വായിക്കാനുള്ള പ്രയാസം -വാക്കുകൾ വായിക്കാനുള്ള പ്രയാസം -സ്വന്തമായി വാക്യങ്ങൾ എഴുതാനുള്ള പ്രയാസം-മനസ്സിലാക്കിയ ആശയം എഴുതി ഫലിപ്പിക്കാനുള്ള പ്രയാസം -സർഗാത്മതക രചനകള്ക്കുള്ള പ്രയാസം വേദിയെ അഭിമുഖീകരിക്കാനുള്ള പ്രയാസം.

## പ്രതീക്ഷിത നേട്ടങ്ങൾ

ഭാഷാപ്രയോഗ സാധ്യതകളെ പ്രയോജനപ്പെടുത്തൽ- നല്ല വായനക്കാരാകൽ വ്.ത്യസ്ത വ്യവഹാരരൂപങ്ങൾ പരിചയപ്പെടുത്തൽ -അറബി ഭാഷാ നൈപുണി സ്വായത്തമാക്കൽ-പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കൽ-സർഗാത്മക രചനകൾ പ്രയാസം കൂടാതെ നടത്താനുള്ല കഴിവ് നേടൽ

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലയളവ് | | | | | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|---|---|
| | | | Nov | Dec | Jan | Feb | Mar | | |
| 1. | അറബിക് ക്ലബ് | അറബിക്കിൽ താൽപ്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു. സ്കൂൾ തലത്തിൽ ക്ലബ് രൂപീകരിക്കുന്നു. 12 അംഗ കമ്മിറ്റിയിൽ നിന്നും കൺവീനറെ തെരഞ്ഞെടുക്കുന്നു.സ്കൂൾ അസംബ്ലി,ദിനാചരണങ്ങൾ,അറബിക് ഫെസ്റ്റ്,ബാലസഭ,അറബിക് പഠന പ്രവർത്തനങ്ങൾ.പിന്നോക്കക്കാർക്ക് നൽകുന്ന പ്രവർത്തനങ്ങൾ എന്നിവയെല്ലാം ക്ലബിന്റെ നേതൃത്വത്തിൽ ചർച്ച ചെയ്യുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. | | | | | | അറബിക് ടീച്ചർ ക്ലബ് | |
| 2. | ലൈബ്രറി പുസ്തക ശേഖരണം | അറബിക് ലൈബ്രറിയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ലിസ്റ്റ് ചെയ്യുന്നു. കിട്ടിയ പുസ്തകങ്ങൾഉപയോഗിച്ച് സ്കൂളിൽഅറബിക് ലൈബ്രറി രൂപീകരിക്കുന്നു | | | | | | അറബിക് ടീച്ചർ ക്ലബ് PTA | |

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലയളവ് | | | | | ചുമതല | |
|---|---|---|---|---|---|---|---|---|---|
| | | | Nov | Dec | Jan | Feb | Mar | | |
| | | ഓരോ ക്ലാസിനും ഉപകാരപ്പെടുന്ന പുസ്തകങ്ങൾ വ്യത്യസ്ത റാക്കുകളിൽ സജ്ജീകരിക്കുന്നു. | | | | | | | |
| 3 | അറബിക് അസംബ്ലി | മാസത്തിൽ ഒരിക്കൽ അറബിക് അസംബ്ലി നടത്തുന്നു.അസംബ്ലിയിൽ അവതരിപ്പിക്കുന്ന ഓരോ പ്രവർത്തനങ്ങളുടെയും ചുമതലകൾ കുട്ടികൾ തന്നെ ഏറ്റെടുക്കുന്നു.പ്രാർഥന,പ്രതിജ്ഞ,വാർത്ത,ഡയറി,സർഗാത്മക പ്രവർത്തനങ്ങൾ(പദ്യം, കടംകഥ)തുടങ്ങിയവ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.വാർത്ത കടംകഥ എന്നിവയ്ക്ക് സാധ്യത പ്രയോജനപ്പെടുത്തുന്നു. | | | | | | അറബിക് ടീച്ചർ ക്ലബ് | |
| 4 | അറബിക് ഫെസ്റ്റ് | ക്ലബിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന അസംബ്ലി ,ബാലസഭ എന്നിവയിൽ നിന്നും മികച്ചവ കണ്ടെത്തി ,മെച്ചപ്പെടുത്തി കലാപരിപാടികൾ കൂട്ടിച്ചേർത്ത് അറബിക് ഫെസ്റ്റ്സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നു. ഭാഷാ പാണ്ഡിത്യമുള്ള അതിഥിയെ പങ്കെടുപ്പിച്ചുകൊണ്ട് സ്കൂൾ തലത്തിൽ ഫെസ്റ്റ് നടത്തുന്നു. | | | | | | അറബിക് ടീച്ചർ ക്ലബ് | |

## പ്രതീക്ഷിത നേട്ടങ്ങൾ

1. ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
2. സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
3. മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
4. വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
5. വിദ്യാഭ്യാസരംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടാൻ കഴിയുന്നു.

5. വിദ്യാഭ്യാസരംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടാൻ കഴിയുന്നു.

## മോണിട്ടറിംഗ് രീതി

1. ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
2. സോഷ്യൽ മോണിട്ടറിംഗ് രീതി പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി, എസ്.ആർ.ജി, ഒ.എസ്.എ. എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കണം.
3. ദൈനംദിന മോണിട്ടറിംഗ് എച്ച്.എം, എസ്.ആർ.ജി. കൺവീനർ, പി.ടി.എ.പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്തണം.

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാവുക എന്നത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.